Malappuram District Police

## 20.08.2017 ചങ്ങരംകുളം

മന്ത്രവാദ പൂജയുടെ മറവിൽ ദലിത് യുവതിയെ പീഡിപ്പിച്ച സംഭവത്തിൽ മന്ത്രവാദി തൃശൂർ വടക്കേക്കാട് പനന്തറയിൽ താമസിച്ചുവരുന്ന കളത്തിങ്കൽ ദിനേശ് കുമാറിനെ (42) ചങ്ങരംകുളം പൊലിസ് അറസ്റ്റ് ചെയ്തു. ഒരു വർഷം മുമ്പാണ് പരാതിക്കാസ്പദമായ സംഭവം. വിവാഹമോചനം നേടി നടുവട്ടത്തെ സ്വന്തം വീട്ടിൽ താമസമാക്കിയ യുവതി പ്രതി പൂജാരിയായ ക്ഷേത്രത്തിൽ ദർശനത്തിനു പോയിരുന്ന സമയത്ത് യുവതിക്കു പ്രേതബാധയുണ്ടെന്നും അസുഖം പൂർണമായും മാറ്റിത്തരാമെന്നും വിശ്വസിപ്പിച്ചാണ് പീഡനം നടത്തിയതെന്നാണ് അറിയുന്നത്.

പൊന്നാനി സി.ഐ സണ്ണി ചാക്കോ, ചങ്ങരംകുളം എസ്.ഐ കെ.പി മനേഷ്, സീനിയർ സിവിൽ പൊലിസ് ഓഫിസർ ഗോപകുമാർ, സി.പി.ഒ-മാരായ രതീഷ്, മഹേഷ് മോഹൻ, പ്രദീപ് തുടങ്ങിയവരാണ് പ്രതിയെ പിടികൂടിയത്.